(ഡി) 1996-97 മുതൽ 1999-2000 വരെയുള്ള നാലു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വ്യവസായ വളർച്ചാ നിരക്ക് നടപ്പുവില നിലവാരത്തിൽ ശരാശരി 14.44% ആയിരുന്നു.

(ഇ)

വർഷം	വളർച്ചാ നിരക്ക് %
1996 - 97	7. 01
1997 - 98	18. 92
1998 - 99	16. 28
1999 - 2000	16. 36
2000 - 2001	കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്)

വർഷം	കേരളം (ശതമാനം)	ഇന്ത്യ (ശതമാനം)
1998 - 99	16. 23	8. 5
1999 - 2000	16. 38	9. 1

സാമൂഹ്യക്ഷേമ വകുപ്പിലെ സ്പെഷ്യൽ റൂൾസ്

172 (1439) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ സ്പെഷ്യൽ റൂൾസ് അപാകതകൾ പരിഷ്ക്കരിച്ച് നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) സ്പെഷ്യൽ റൂൾസ് പരിഷ്ക്കരണത്തിലൂടെ ടെക്നിക്കൽ സ്റ്റാഫിന്റെ പ്രൊമോഷൻ ചാനൽ മിനിസ്റ്റീരിയൽ വിഭാഗം തട്ടിയെടുക്കുന്നത് തടയാൻ സാമൂഹ്യക്ഷേമ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് വിശദീകരിക്കാമോ ;

(ഇ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്ത്രീകൾക്കായി സംവരണം ചെയ്ത പ്രൊമോഷൻ പോസ്റ്റുകളിൽ സൂപ്പർവൈസർ മാരേയും മറ്റ് ട്രെയിനിംഗ് ലഭിച്ച സ്ത്രീകളെയും ഒഴിവാക്കി മിനിസ്റ്റീരിയൽ വിഭാഗത്തിന് പ്രാധാന്യം നൽകിയാണോ സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ട്. ഭരണപരവും നിയമപരവുമായ പല നടപടിക്രമങ്ങളും പാലിക്കപ്പെടേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) എ.സി.ഡി.പി.ഒ., സി.ഡി.പി.ഒ. തസ്തികകൾ സ്ത്രീകൾക്കുമാത്രമായി സംവരണം ചെയ്യുമ്പോൾ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പുരുഷജീവനക്കാർക്കു കൂടി ലഭിച്ചുകൊണ്ടിരുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയാകാത്ത തരത്തിൽ അപാകതകൾ പരിഹരിക്കുന്നതിനാണ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടെക്നിക്കൽ സ്റ്റാഫിന്റെ പ്രൊമേഷൻ ചാനൽ മിനിസ്റ്റീരിയൽ വിഭാഗം തട്ടിയെടുക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. യാതൊരു വിഭാഗത്തിനും പ്രത്യേക പ്രാധാന്യം നൽകാൻ ഉദ്ദേശമില്ല.

വികലാംഗർക്ക് സംവരണം

173 (1440) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വികലാംഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട സംവരണം നൽകണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1995 മുതൽ 1998 വരെയുള്ള നിയമനങ്ങളിലെ ബാക്ക്ലോഗ് ഉണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജി.ഒ. (പി) നം. 30/95/പി. ആന്റ് എ.ആർ.ഡി. ഉത്തരവ് അനുസരിച്ച് ഓരോ വർഷവും ഒഴിവുള്ള തസ്തികകളിൽ എത്ര വികലാംഗരെ നിയമിക്കാമെന്ന് പറഞ്ഞിട്ടുണ്ട് ; ഇതനുസരിച്ചുള്ള നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഈ വിഭാഗക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടു നൽകിയ ഉറപ്പുകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ സർവ്വീസിലെ ക്ലാസ് III ക്ലാസ് IV വിഭാഗം തസ്തികകളുടെ 3% വികലാംഗർക്ക് സംവരണം ചെയ്തുകൊണ്ട് ജി.ഒ. (പി) 20/98/പി. ആന്റ് എ.ആർ.ഡി. തീയതി 14-7-1998 പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ലാസ്സ് I ക്ലാസ് II തസ്തികകളിൽ സംവരണം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly